# MOORIYAD MOPLA LPSCHOOL



# SCHOOL ACADEMIC MASTER PLAN 2025-26

> അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം

2. ഗണിത ശേഷി വികസനം

3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ

4. വായനാ ശേഷി വർദ്ധിപ്പിക്കൽ

5. ശാസ്ത്രപോഷണ പരിപാടി

6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS

7. പ്രതിഭാപോഷണ പരിപാടി

8. ലൈബ്രറി ശാക്തീകരണം

9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ

10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

11. പഠനയാത്രകൾ

12. സ്കൂൾ പത്രം/മാസിക

13.പ്രവൃത്തി പരിചയ പരിശീലനം

15. കലാപരിപോഷണം

16. പച്ചക്കറിത്തോട്ടം

17. സാഹിത്യ ശില്പശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. രക്തഗ്രൂപ്പ് നിർണയം

20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

# മൂര്യാട് മാപ്പിള എൽ പി സ്കൂൾ
# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : മൂര്യാട് മാപ്പിള എൽ പി സ്കൂൾ

2. വിലാസം: മൂര്യാട്,മൂര്യാട് പി ഒ
കൂത്തുപറമ്പ,കണ്ണൂർ

3. ഫോൺ:+91 97473 05667

4.ഇമെയിൽ:MOORIYADMOPLA@GMAIL.COM

5. ഹെഡ്മാസ്റ്റർ : കെ.സജിത് കുമാർ

6. സ്കൂൾ കോഡ്:14643

7. വിദ്യാഭ്യാസ ഉപജില്ല: കൂത്തുപറമ്പ

8. വിദ്യാഭ്യാസ ജില്ല: തലശ്ശേരി

9. റവന്യു ജില്ല:കണ്ണൂർ

10. ബി.ആർ.സി: കൂത്തുപറമ്പ

## ഭൗതിക കാഴ്ചപ്പാടുകൾ

> ആവശ്യത്തിന് സൗകര്യ പ്രദമായ ICT ക്ലാസ് മുറികൾ ഉണ്ടാവണം.

ക്ലാസ് മുറിയും ഇരിപ്പിടങ്ങളും ശിശു സൗഹൃദപരമാവണം.

> സ്കൂൾ അന്തരീക്ഷം ഹരിതാഭമാവണം.

ക്ലാസ് മുറികൾ ഹൈടെക് ആവണം.

> സൗകര്യ പ്രദമായ പാചകപുര നിർമ്മിക്കണം.

> മൂത്രപ്പുര, കക്കൂസ് എന്നിവ മികച്ച രീതിയിൽ ആവണം.

മികച്ച ഒരു ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കണം.

## സാമൂഹ്യ കാഴ്ചപ്പാടുകൾ

›സ്കൂൾ പരിസരത്തുള്ള മുഴുവൻ കുട്ടികളെയും സ്കൂളികളിലേക്ക് ആകർഷിക്കും.

›പൊതുവിദ്യാലായം നാടിൻ്റെ സമ്പത്താണ് എന്ന കാഴ്ചപ്പാട് പൊതു സമൂഹത്തിൽ ഉണ്ടാക്കും.

›പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവരെ സ്കൂൾ പ്രവർത്ത നങ്ങളിൽ പങ്കെടുപ്പിക്കും.

› വിദ്യാലയ വികസനത്തിന് ചുറ്റുപാടുമുള്ള സാംസ്കാരിക സ്ഥാപന ങ്ങളുടെ സഹായം ഉറപ്പാക്കും.

ഭാഷാ ശേഷീ വികസനം

ലക്ഷ്യങ്ങൾ:

›ഭാഷയുടെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നു.

›വായന, ലേഖനം, ഭാഷണം, സർഗാത്മക രചനകൾ, അഭിനയം, രചനകൾ, നിർമ്മാണം, എന്നിവയിൽ മികവുറ്റവരാകുന്നു

›പുതിയ സന്ദർഭങ്ങളെ ഭയരഹിതമായി സമീപിക്കാൻ പ്രാപ്തരാക്കുന്നു.

›മത്സര പരീക്ഷകളെ സധൈര്യം സമീപിക്കുന്നു.

›പൊതുജനം അവജ്ഞയോടെ വീക്ഷിക്കുന്ന അക്ഷരതെറ്റ് പഴങ്കഥയാവുന്നു.

›സമഗ്ര സൈറ്റിൽ എല്ലാവരും സൈൻ ഇൻ ചെയ്ത് പ്രയോജനപ്പെടുത്തും

പ്രവർത്തനങ്ങൾ

›സമയബന്ധിതമായി പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നു.

›സമഗ്ര സൈറ്റ് ഫലപ്രദമായി ഉപയോഗിക്കുന്നു.

›പഠനോപകരണങ്ങൾ നിർമ്മിച്ച് ഉപയോഗിക്കുന്നു.

›പാഠക്കുറിപ്പുകൾ സമഗ്രമാക്കുന്നു.

›വായനയ്ക്ക് വേണ്ടി പ്രത്യേക പരിപാടി.

›ലേഖന പ്രശ്നം പരിഹരിക്കൽ നിരന്തര ശ്രമം.

›ലഘു കവിതകളുടെ ആലാപനം നിരന്തര മത്സരത്തിന് അവസരം.

›സർഗാത്മക രചനകൾക്ക് ക്ലാസ്സ് റൂം പ്രവർത്തനത്തോട് ചേർന്ന് അവസരം

›ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ചരിത്ര പുരരാഖ്യാനം, തിയറ്റർ പ്രവർത്തനം രംഗാവിഷ്കാരം.

›ബാലസഭ, അസംബ്ലി എന്നിവയിൽ കഴിവ് പ്രകടിപ്പിക്കാൻ അവസരമൊരു ക്കുന്നു.

›ഭാഷണം മെച്ചപ്പെടുത്താനുള്ള പരിപാടികൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## എൽ.പി വിഭാഗം language

| ക്രമ.നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് |
|---|---|---|---|---|---|
| 1 | അക്ഷരജ്യോതി | വായിക്കാനും അറിയാത്ത 2,3,4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കൽപ്രവർത്തനം.അക്ഷരകാർഡ്, അക്ഷരചിത്രം അക്ഷരപ്പാട്ട്, അക്ഷരകഥകൾ-പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പഠനപ്രവർത്തനങ്ങൾ. | | |
| 2 | വായനാമരം [വായനാക്കൂട്ടം] | നന്നായി വായിക്കാനും-എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനമരം-ഒരു | മരത്തിനു ചുറ്റും-വാക്യകാർഡുകൾ നൽകി വാക്യനിർമ്മാണം, വായന തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് | | |
| | | മരത്തിനുചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനാക്കൂട്ടം-പുസ്തക ചർച്ചയും,കവിതാ,കഥാ,അവതരണം നടത്തി-കുറിപ്പ് തയ്യാറാക്കൽ | ഗ്രൂപ്പിൽ വായനാ-ചർച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ-ബാലസഭയിൽ അവതരിപ്പിക്കൽ-കഥ,നാടകം,കവിത മുതലായവ കുട്ടി റേഡിയോവിലൂടെ അവതരിപ്പിക്കാൻ അവസരം. | | |
| 3 | അറിവുത്സവം | പത്രവാർത്തകൾ,ആനുകാലികങ്ങൾ വായിച്ച് അറിവു നേടുക ക്വിസ് മൽസരങ്ങൾ-എൽ.എസ്.എസ്-പരീക്ഷകളിൽ ഉന്നതവിജയം നേടുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം-പത്രക്വിസ് വാരാന്ത്യ പതിപ്പ് തയ്യാറാക്കൽ ക്വിസ് മൽസരം എല്ലാ ആഴ്ചയും നടത്തി-പുസ്തകത്തിൽ എഴുതൽ | | |

# ENGLISH

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

# ARABIC

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടേ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ''അറബിക് മധുരം'' ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

## ഗണിതമേഖല

ഗണിതം ഒരു പ്രയാസ മേഖലയായി ഇന്നും തുടരുന്നു. കാരണങ്ങൾ പലവട്ടം അവലോകനം ചെയ്യുകയും പരിഹാര രീതികൾ ആവിഷ്കരിച്ചെങ്കിലും പ്രശ്നം തുട രുന്നു എന്നതാണ് യാഥാർത്ഥ്യം കുട്ടി എന്തറിഞ്ഞു - എന്തറിഞ്ഞില്ല എന്ന വിലയിരു ത്തലും പരിഹാര പരിപാടികളും,പഠനോപകരണങ്ങളുടെ ഉപയോഗക്കുറവും,നിരന്തര പരിശീലനവും, പ്രായോഗിക പ്രശ്നങ്ങളുടെ കുറവും ഒരു പരിധി വരെ കാരണ മാകുന്നു.

പ്രായോഗിക പ്രശ്നങ്ങൾ എന്ന രീതിയിൽ കുട്ടിക്ക് നൽകുന്നതും എഴുതി നൽകുന്ന ചോദ്യങ്ങളുടെ പ്രായോഗികതയ്ക്ക് ശരിയായ സാധിക്കേണ്ടതുണ്ട്. അപഗ്രഥനവും പ്രശ്ന അർത്ഥമുണ്ടാകുംവിധമുള്ള പരിഹരണവുമാണ് ഇടപെടലുകൾ

ലക്ഷ്യങ്ങൾ

സംഖ്യാബോധം ഉറപ്പാക്കുന്നു

ചതുഷ്ക്രിയകളിൽ നിരന്തര പരിശീലനത്തിലൂടെ ധാരണ ഉരപ്പിക്കുന്നു.

പ്രായോഗിക പ്രശ്ന നിർധാരണത്തിന് പ്രായോഗികമായ സാഹചര്യം ഒരുക്കു ന്നു.

രക്ഷിതാക്കളെ ഗണിത ബോധനത്തിൻ്റെ സഹാധ്യാപകനായി മാറ്റുന്നു.

സമയബന്ധിതമായും ഫലപ്രദമായും പാഠഭാഗം വിനിമയം ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

ക്ലാസ്സ് തലത്തിൽ സംഖ്യാ ബോധത്തിൻ്റെ തലം തീരുമാനിക്കുന്നു.

ക്ലാസ്സ് തലത്തിൽ പ്രവർത്തനങ്ങളുടെ ഒരു ബേങ്ക് തയ്യാറാക്കുന്നു (വ്യക്തിഗതമായി തയ്യാറാക്കുന്നതിന് പകരം ശനിയാഴ്ചകളിൽ കൂടിയിരുന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഒരുക്കം നടത്തുന്നു.)

സ്വയം വിശദീകരണ ക്ഷമമായ വർക് ഷീറ്റുകൾ രൂപീകരിക്കുന്നു.

ഹോം വർക്കുകളുടെ ഒരു ശേഖരം രൂപീകരിക്കുന്നു. (രക്ഷിതാക്കൾക്ക് പരിശീലനം നൽകിയതിനുശേഷം മാത്രം നൽകുന്നു.)

ഗണിതക്യാമ്പ് നടത്തുന്നു.(ഗണിത

കൗതുകം,പസിലുകൾ,ഗണിതകേളികൾ,ഗണിത നിർമ്മാണം, ഒറിഗാമി എന്നിവ ഉൾപ്പെടുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | S S A |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

## പരിസര പഠനം മേഖല

അടിസ്ഥാന ശാസ്ത്രത്തിലേക്ക് കടക്കുന്നതിന് മുമ്പ് തൻ്റെ പരിസരം പരിചയ പ്പെടുക എന്നത് വളരെ പ്രധാനമാണ്. അവിടെ നിരന്തര നിരീക്ഷണങ്ങളും ലഘു പരീക്ഷങ്ങളും, വിവിധ ശേഖരണവും അനിവാര്യഘടകങ്ങളാണ്. നിരന്തരം പൂവ് നിരീക്ഷിക്കുന്ന ഒരു കുട്ടിക്ക് മാത്രമേ വ്യത്യസ്ത പൂവുകളുണ്ടെന്നും, അതിനുമപ്പുറം അവ പല രീതിയിലും വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുമുള്ള ധാരണ ഉണ്ടാവുക യുള്ളൂ. അതിലൂടെ മാത്രമേ താരതമ്യം ചെയ്യാനും പട്ടികപ്പെടുത്താനും ദത്തങ്ങൾ അപഗ്രഥിച്ച് നിഗമനത്തിലെത്താനും കഴിയൂ. ഈ ഒരു പശ്ചാത്തലത്തിൽ എന്റെ സ്കൂളിന്റെ ലക്ഷ്യങ്ങൾ ഇങ്ങനെ ക്രോഡീകരിക്കുന്നു.

1) വ്യത്യസ്ത കാഴ്ചനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

2) പുതിയ കാഴ്ച്ചനുഭവങ്ങൾ ഒതുക്കി കൊടുക്കുന്നു.

3) വിദഗ്ദന്മാരുടെ സേവനം ലഭ്യമാക്കുന്നു.

4) പ്രകൃതിയെ ഒരു പാഠപുസ്തകമാക്കുന്നു.

5) പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുന്നു.

6) സമയബന്ധിതമായും ഫലപ്രദമായും പാഠഭാഗം വിനിമയം ചെയ്യുന്നു.

പരിപാടികൾ

>ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.

>പരിസരശുചിത്വ മനോഭാവം വളർത്തൽ.

>പരിസര ദിനാചരണം.

>പരീക്ഷണം - പരീക്ഷണക്കുറിപ്പ്, പ്രതിവാര പരിപാടി.

>ശേഖരണം - വിത്ത്, ഇല, ചിത്രങ്ങൾ, വാർത്തകൾ, മണ്ണ്, കല്ല് എന്നിവ

>ഫീൽഡ് ട്രിപ്പുകൾ, നടത്തം, അഭിമുഖങ്ങൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്.<br><br>പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും<br><br>പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ജൂൺ- ജൂലൈ ആഗസ്ത്<br><br>ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ SRG SMC<br><br>SRG SMC | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശുചിത്വബോധമു ള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.<br><br>പ്രകൃതിയെ അറി യാൻ.<br><br>നാടറിയാൻ - നാട്ട റിവുകൾ | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മ ത്സരം അവതരണങ്ങൾ<br><br>പ്രകൃതി നടത്തം കാഴ്ചബംഗ്ലാവി ലേക്ക്. കാണാക്കാഴ്ചകൾ - ഇഉ<br><br>കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷക രാകാം | ജൂൺ, ജൂലൈ<br><br>സപ്തംബർ ഡിസംബർ<br><br>ജനുവരി | ക്ലാസ് ടീച്ചർ SRG SMC<br><br>ടീച്ചേർസ് SRG SMC<br><br>SRG SMC നാട്ടുകാർ | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസസശ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## വിശേഷ ദിവസ ആഘോഷങ്ങൾ

പഠന നേട്ടങ്ങളുടെ കാസ് റൂം അവതരണത്തെ വിശാലമായ വേദിയിൽ അവതരിപ്പിക്കാനുള്ള തുറന്ന അവസരമാണ് ദിനാചരണങ്ങളിലൂടെ നടക്കുന്നത്. ഇ തിനുവേണ്ട ഒരുക്കങ്ങൾ ഏറ്റവും നല്ല പാഠന പ്രവർത്തനമാണ്. രക്ഷിതാക്കളെയും മറ്റ് വിദ്യാലയ സമൂഹത്തെയും വിദ്യാലയ പ്രവർത്തനങ്ങളിൽ കണ്ണിചേർക്കുന്നതും, സജീവമായി നിലനിർത്തുന്നതും ഇത്തരം ദിനാഘോഷങ്ങളിലൂടെയാണ്.

ദിനാചരണങ്ങൾ ആഘോഷമാക്കും വിദ്യലയം നാടിന്റെ സാംസ്കാരിക കേന്ദ്രമാകും എന്നിവ സ്കൂൾ വികസന രേഖയുടെ ലക്ഷ്യമാണ്. ഇവ സാധിത മാക്കാൻ പ്രയാസമേറെയെങ്കിലും ദിനാചരണങ്ങൾ ആഘോഷമാക്കേണ്ടത് അത്യാ വശ്യമാണ്.

പഠന നേട്ടങ്ങളുമായി ഇഴചേർത്ത് കൊണ്ട് മാത്രമേ ദിനാചരണ ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്യാൻ പാടുള്ളൂ. മൂല്യബോധം ഊട്ടി ഉറപ്പിക്കാനും സംസ്കാരം തിരിച്ചറിയാനും ഇതു വഴി കഴിയുന്നു.

പോസ്റ്റർ രചന, ചാർട്ട് നിർമ്മാണം, ബാഡ്ജ് നിർമ്മാണം, മുദ്രഗീത നിർ മ്മാണം, പ്ലകാർഡ്, നിർമ്മാണം, പതിപ്പ് നിർമ്മാണം, പ്രസംഗം (ഭാഷണം) ആലാപ നം, അഭിനയം, സ്കിറ്റ് നിർമ്മാണം, തിയറ്റർ നൈപുണികൾ (ഒരുക്കം, വേഷം, സംവിധാനം, അഭിനയം) എന്നിങ്ങനെ സമസ്ത മേഖലകളുടെയും ഒരു സമ്മേളനം ഇവിടെ സാധിതമാകുന്നു.

ഈയൊരു കാഴ്ച്ചപ്പാടിലൂടെ രൂപീകരിച്ചതും ഏറെയും പ്രയോഗവത്കരിച്ചതു മായ പ്രവർത്തനങ്ങളുടെ സൂചനകളാണ് ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്

## സർഗാത്മകതയുടെ വിലയിരുത്തൽ:

1. സ്വയം വിലയിരുത്തൽ

ദിനാചരണപരിപാടികൾ, വിഡിയോഗ്രാഫി നടത്തുന്നു. അവ കാണുന്നു. വില യിരുത്തി പോരായ്മകൾ കണ്ടെത്തുന്നു. ചാനൽ സംപ്രേഷണം ഉറപ്പാക്കുന്നു. പൊതുജനാഭിപ്രായം സ്വരൂപിക്കുന്നു.

2. സർഗാത്മക ശേഷി പരിശോധന ശില്പശാല ഒരു ശനിയാഴ്ച നടത്തുന്നു. രണ്ടാം ടേമിൽ നൽകുന്നു സന്ദർഭത്തിനുസരിച്ച് നാടകരചന അവതരണം നടത്തുന്നു – വിലയിരുത്തുന്നു. നല്ല നടനേയും നടിയേയും കണ്ടെത്തുന്നു.

3. പോസ്റ്റർ രചനാമത്സരം, ബാഡ്ജ് നിർമാണ മത്സരം നടത്തുന്നു.

4. ആഗസ്ത് മാസം പ്രവൃത്തി പരിചയ മത്സരം നടത്തുന്നു. മികവ് പുലർത്തുന്നവരെ കണ്ടെത്തുന്നു.

പുതിയ കാലം പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട് . ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും പൊതു സ്ഥലവും വിദ്യാലയമാണ് . മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ടേണ്ട വിദ്യാഭ്യാസ ലോകം ഇന്ന് തീർത്തും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ സ്ഥായിയായി മാറ്റാനുള്ള പ്രായോഗിക പ്രവർത്തനവുമാണ് കേരളം ഗവൺമെന്റ് വിദ്യാഭാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യത്നം. സമഗ്രവും ശാസ്ത്രീയവ്യമായ ബദൽ പ്രവർത്തനമാണ് ഇത്. കേരളത്തിന്റെ നവോഥാന

പ്രവർത്തങ്ങൾ ക്കു തുടർച്ച ഉണ്ടാക്കണതും പുതിയ ലോകം സൃഷ്ടിക്കാനുമുള്ള കർമ്മ പദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.